**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 664** **10-02-2025 - ൽ മറുപടിയ്ക്ക്**

**മണിയാർ വൈദ്യുത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പത്തനംതിട്ട ജില്ലയിലെ മണിയാർ ജലവൈദ്യുത പദ്ധതി കരാർ കാലാവധി അവസാനിച്ച ശേഷവും കെ.എസ്.ഇ.ബി-ക്ക് കൈമാറാത്തതിന്റെ കാരണം അറിയിക്കാമോ; | (എ) | മണിയാർ ചെറുകിട ജലവൈദ്യുത പദ്ധതി BOOT അടിസ്ഥാനത്തിൽ 30 വർഷത്തേക്ക് കാർബൊറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിന് അനുവദിച്ചിരുന്നു.<br><br>പ്രസ്തുത കാലാവധി 31.12.2024-ന് കഴിഞ്ഞതിനാൽ മേൽ പദ്ധതി ഏറ്റെടുക്കുന്നതിലേയ്ക്കായി കെ.എസ്.ഇ.ബി.എൽ കാർബൊറാണ്ടം കമ്പനിയ്ക്ക് 12.11.2024-ന് കത്ത് നല്കിയിട്ടുണ്ട്.<br><br>2018-ലെ പ്രളയം മൂലമുള്ള നഷ്ടത്തിന്റെയും പ്രസ്തുത കമ്പനി നടത്തുന്ന വ്യാവസായിക നിക്ഷേപത്തിന്റെയും അടിസ്ഥാനത്തിൽ 25 വർഷത്തേയ്ക്ക് കാലാവധി നീട്ടി നൽകണമെന്ന് പ്രസ്തുത കമ്പനി സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കമ്പനി നടത്തുന്ന തുടർനിക്ഷേപങ്ങളുടെയും അതുവഴി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളും കണക്കിലെടുത്ത് കമ്പനിയുടെ അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ്, നിയമ വകുപ്പ്, വ്യവസായ വകുപ്പ് എന്നിവരുടെ അഭിപ്രായങ്ങൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളും സർക്കാർ വിശദമായി പരിശോധിച്ചു വരുകയാണ്. കെ.എസ്. ഇ.ബി.എൽ-ന് ദോഷകരമാകാത്തതും വ്യാവസായിക അന്തരീക്ഷത്തിന് ഗുണകര മാകുന്നതുമായ തീരുമാനമെടുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) | കരാർ കാലാവധി സമയത്ത് കാർബറോണ്ടം യൂണിവേഴ്സൽ കമ്പനി നടത്തിയ കരാർ ലംഘനങ്ങളേയും, വീഴ്ചകളേയും സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് കെ.എസ്.ഇ.ബി വൈദ്യുതി വകുപ്പിന് നൽകിയ കത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ; | | |
| (സി) | മണിയാർ വൈദ്യുത പദ്ധതി കെ.എസ്.ഇ.ബി ക്ക് കൈമാറികിട്ടുകയാണെങ്കിൽ അത് സംസ്ഥാനത്തെ ഊർജ്ജമേഖലയ്ക്കും, വൈദ്യുതി ഉപഭോക്താക്കൾക്കും എപ്രകാരം പ്രയോജനം ചെയ്യുമെന്നാണ് കെ.എസ്.ഇ.ബി നൽകിയ കത്തിൽ അറിയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | മണിയാർ ജലവൈദ്യുത പദ്ധതി അടിയന്തരമായി കെ.എസ്.ഇ.ബി-ക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ